No. CEE/5400/2018/LLM-2018/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## 2018–19–ലെ എൽ.എൽ.എം.കോഴ്സിലേയ്ക്കുള്ള ഓൺലൈൻ പ്രവേശന പരീക്ഷ– അപേക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

**2018–19 വർഷത്തെ എൽ.എൽ.എം. കോഴ്സിലേയ്ക്ക് 2019 മാർച്ച് 10 ഞായറാഴ്ച** നടത്തുന്ന പ്രവേശന പരീക്ഷ **Computer Based Test(CBT)** രീതിയിലായിരിക്കും നടത്തുന്നത്. പ്രവേശന പരീക്ഷാ കേന്ദ്രം തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ, നഗരൂർ, **രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി** ആയിരിക്കും. 3 മണിക്കൂർ ദൈർഘ്യമുള്ള പരീക്ഷയുടെ സമയം ഉച്ചയ്ക്ക് 2 മണി മുതൽ വൈകിട്ട് 5 മണി വരെ ആയിരിക്കും. പരീക്ഷയ്ക്ക് എത്തുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാകമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന അഡ്മിറ്റ് കാർഡുമായി ഉച്ചയ്ക്ക് **12.30 മണിയ്ക്ക്** പരീക്ഷാകേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.റിപ്പോർട്ടിംഗ് പോയിന്റിൽ നിന്നും ലഭിക്കുന്ന**'Access Card'**-ൽ രേഖപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പരീക്ഷാഹാളിൽ പ്രവേശിക്കേണ്ടതാണ്. പരീക്ഷ തുടങ്ങുന്നതിന് 15 മിനിറ്റ് മുൻപായി വിദ്യാർത്ഥികൾക്ക് **'മോക്ക് ടെസ്റ്റ്'** നടത്തുന്നതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. ഉച്ചയ്ക്ക് **01.15** –നുശേഷം റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളെ യാതൊരു കാരണവശാലും പരീക്ഷാഹാളിൽ പ്രവേശിപ്പിക്കുന്നതല്ല. പരീക്ഷയ്ക്ക് എത്തുന്ന വിദ്യാർത്ഥികൾ കാൽക്കുലേറ്റർ, മൊബൈൽ ഫോൺ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ കൈവശം വയ്ക്കാൻ പാടുള്ളതല്ല. ഓൺലൈൻ പരീക്ഷ സംബന്ധിച്ച വിശദാംശങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
06.03.2019